milma

<u>എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം ഇ 150(ഡി)</u>

പി.ബി.നം.2212, ഇടപ്പള്ളി, കൊച്ചി - 682 024.

നമ്പർ ഇയു/എം എച്ച്/172/2023/4381 04.10.2023

**<u>മിൽമ റിഫ്രഷ് ടീ പോയ്ന്റ് / സൂപ്പർമാർക്കറ്റോടുകൂടിയ റെസ്റ്റോറന്റിനുള്ള</u>**

**അപേക്ഷാഫോറം**

എറണാകുളം മേഖലയൂണിയന്റെ പരിധിയിലുള്ള തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ മിൽമ ഏജൻസിയോടുകൂടിയ മിൽമ റിഫ്രഷ് (**ടീ പോയിന്റ്**) ന്റേയും **മിൽമ സൂപ്പർമാർക്കറ്റോടുകൂടിയ റീഫ്രഷ് റെസ്റ്റോറന്റിന്റേയും** ഫ്രാഞ്ചൈസികൾക്കായി സംരംഭകരിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറം മിൽമയുടെ ഇടപ്പള്ളിയിലുള്ള ഹെഡ് ഓഫീസിൽ നിന്നോ ജില്ലാ തലത്തിലുള്ള ഡെയറികളുടെ ഓഫീസുകളിൽ നിന്നോ എറണാകുളം മേഖലായൂണിയന്റെ www.ercmpu.in എന്ന വെബ്സൈറ്റിൽ നിന്നോ 04.10.2023 മുതൽ ലഭിക്കുന്നതാണ്. ഒരോ ജില്ലയിലേയും അപേക്ഷകൾ 18.10.2023 വൈകിട്ട് 4.30 മണിക്ക് മുമ്പായി അതാത് ജില്ലാ ഡെയറികളിലെ മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിൽ സമർപ്പിക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

1. ഫ്രാഞ്ചൈസി എടുക്കുന്നതിന് 25,000/-രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും ലൈസൻസ് ഫീ ആയി മൂന്ന് വർഷത്തേക്ക് 40,000/- രൂപയും ഈടാക്കുന്നതാണ്. ഇതിൽ ബാങ്ക് ഗ്യാരണ്ടി മാർക്കറ്റിംഗ് ഹെഡിന്റെ ശുപാർശക്ക് വിധേയമായി മാത്രം മൂന്നു വർഷത്തിനുശേഷം തിരിച്ചുനൽകുന്നതായിരിക്കും. ലൈസൻസ് ഫീ യാതൊരു കാരണവശാലും തിരിച്ചുനൽകുന്നതല്ല. മൂന്ന് വർഷത്തിനു ശേഷം ലൈസൻസ് ഫീ പുതുക്കേണ്ടതാണ്.

2. ജനസാന്ദ്രതയേറിയ ഏതൊരു ജംഗ്ഷനുകളിലും ഇത്തരത്തിൽ റീഫ്രഷ് ഔട്ട്ലെറ്റ് നൽകാൻ മിൽമക്ക് അധികാരമുണ്ടായിരിക്കും. ഔട്ട്ലെറ്റുകൾ തമ്മിലുള്ള ദൂരപരിധി നിശ്ചയിക്കാനുള്ള വിവേചന അധികാരം പ്രസ്തുത സ്ഥലങ്ങളിലെ ബിസിനസിന് അനുസരിച്ചായിരിക്കും മിൽമ നിശ്ചയിച്ചിക്കുന്നത്.

3.പ്രസ്തുത ഔട്ട്ലെറ്റിലെ ജീവനക്കാർ മിൽമ ബ്രാന്റഡ് യൂണിഫോം,തൊപ്പികൾ, ഉപയോഗിക്കുകയും മിൽമ നിർദേശിക്കുന്ന മറ്റു നിബന്ധനകൾ എന്നിവ നിർബന്ധമായും പാലിച്ചിരിക്കേണ്ടതുമാണ്.

4. ആരംഭസമയത്ത് മിൽമ സ്പെഷ്യൽ ചായ,കാപ്പി,സ്നാക്ക്സ്, ജ്യൂസ്,ഷേക്ക്, എന്നിവ ഉണ്ടാക്കുന്നതിന് ആവശ്യമെങ്കിൽ മിൽമ പരിശീലനം നൽകുന്നതാണ്.

5.എല്ലാ ഫ്രാഞ്ചൈസികളും ആരംഭ സമയം മുതൽ നിശ്ചിത കാലത്തേക്ക് മിൽമ ഉദ്യോഗസ്ഥരുടെ പ്രതിദിന മേൽനോട്ടം ഉണ്ടായിരിക്കും.

6. പ്രസ്തുത ഔട്ട്ലെറ്റുകളുടെ പ്രവർത്തനം രാവിലെ 6 മുതൽ രാത്രി 10 വരെയെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

അപേക്ഷകന്റെ ഒപ്പ്

7.എല്ലാ ഫ്രാഞ്ചൈസികളും ജി.എസ്.റ്റി, എഫ്.എസ്.എസ്.എ.ഐ രജിസ്ട്രേഷൻ, എന്നിവക്കൊപ്പം ജീവനക്കാർക്കുള്ള ഹെൽത്ത് കാർഡും ഗവൺമെന്റ് അനുശാസിക്കുന്ന മറ്റു ലൈസൻസുകളും നിർബന്ധമായും എടുത്തിരിക്കണം.

8.ഒരോ ഔട്ട്ലെറ്റുകളിലും ആവശ്യമായ ഫ്രീസറുകളും കൂളറുകളും ടാക്സ് നിരക്കിൽ നൽകുന്നതും മറ്റു ബ്രാന്റിങ്ങ് വർക്കുകൾ മിൽമ ചെയ്യുന്നതും ആയിരിക്കും. മിൽമ ബ്രാന്റും ഫ്രീസറുകളും കൂളറുകളും യാതൊരു കാരണവശാലും ദുരുപയോഗം ചെയ്യരുത്. പ്രസ്തുത ദുരുപയോഗം ശ്രദ്ധയിൽ പെട്ടാൽ കോൺട്രാക്ട് റദ്ദു ചെയ്യുന്നതും, തൻമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഫ്രാഞ്ചൈസി ഉടമയിൽ നിന്ന് നിയമപരമായി ഈടാക്കുന്നതാണ്.

9. ഔട്ട്ലെറ്റുകളിൽ മിൽമ നൽകുന്ന സ്റ്റാൻഡേർഡ് മെനുവിന്റെയും നിരക്കിന്റെയും ഡിസ്പ്ലേ ബോർഡുകൾ ഉണ്ടായിരിക്കണം.

10.ഓരോ മാസത്തിലും ഫ്രാഞ്ചൈസികളുടെ പ്രവർത്തനങ്ങൾ മിൽമ വിലയിരുത്തുന്നതായിരിക്കും. മിൽമ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏതു സമയത്തും പാർലറും പരിസരവും പരിശോധിക്കുവാനുള്ള പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിനോട് ഫ്രാഞ്ചൈസി ഉടമ പൂർണ്ണമായും സഹകരിക്കേണ്ടതാണ്.

11.ഔട്ട്ലെറ്റുകളിൽ ചായ, കാപ്പി, മിൽക്ക് ഷേയ്ക്ക്, എന്നിവ ഉണ്ടാക്കുന്നത് റിച്ച് മിൽക്ക് ഉപയോഗിച്ചായിരിക്കണം. ഭക്ഷണപാദാർത്ഥങ്ങൾ ഉണ്ടാക്കുവാനായി ഉപയോഗിക്കുന്ന വെള്ളം,ചേരുവകൾ ഗുണമേൻമ ഉള്ളതും മായം കലരാത്തതും ആയിരിക്കണം. ഉപയോഗിക്കുന്ന ചേരുവകൾ ഏതു ബ്രാൻഡിന്റെ ആണെന്ന് മിൽമയെ അറിക്കേണ്ടതും ആയത് ഉപയോഗിക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

12.റെസ്റ്റോറന്റിൽ ഭക്ഷണത്തിന് ഉപയോഗിക്കുന്ന പ്ലേറ്റ്, ഗ്ലാസ് എന്നിവയിൽ മിൽമയുടെ പേരും ചിഹ്നവും ഉണ്ടായിരിക്കേണ്ടതാണ്,

13.മിൽമ നിർദേശിക്കുന്ന യൂണിഫോം കരാറുകാരൻ /ജീവനക്കാർ ഡ്യൂട്ടി സമയത്ത് ധരിക്കേണ്ടതാണ്. ജീവനക്കാർ ഗ്ലൗസ് ,തൊപ്പി, മാസ്ക്, ഏപ്രൺ എന്നിവ പാചകം ചെയ്യുമ്പോഴും ധരിക്കേണ്ടതാണ്.

14.പഴകിയ ഭക്ഷണ പദാർത്ഥങ്ങളും മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങളും യാതൊരു കാരണവശാലും റെസ്റ്റോറന്റിൽ സൂക്ഷിക്കുവാനോ വിൽക്കുവാനോ പാടുള്ളതല്ല. മിൽമ റീഫ്രഷ് ഔട്ട് ലെറ്റുകളിൽ നിന്നും നൽക്കുന്ന ഭക്ഷണത്തിന്റെ ഗുണമേൻമ കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്. ഗുണമേൻമയിലുണ്ടാകുന്ന വീഴ്ച മൂലം ഏതെങ്കിലും ഉപഭോക്താക്കൾക്ക് ആരോഗ്യപരമായും/ സാമ്പത്തികമായോ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

15.കരാറുകാരൻ ഗവൺമെന്റ് കാലാകാലങ്ങളിൽ അനുശാസിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കേണ്ടതും നിയമപ്രകാരം ഉള്ള എല്ലാ ലൈസൻസുകളും എടുക്കേണ്ടതാണ്

16.കരാറുകാരൻ പാർലറിലോ പാർലർ പരിസരങ്ങളിലോ സ്ഫോടന വസ്തുക്കളോ ലഹരി വസ്തുക്കളോ മറ്റു നിരോധിത ഉൽപ്പന്നങ്ങൾ സൂക്ഷിക്കുവാനോ വിൽപ്പന നടത്തുവാനോ പാടുള്ളതല്ല. ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽ പെട്ടാൽ ഫ്രാഞ്ചൈസി റദ്ദു ചെയ്യുന്നതും ഡെയറി നിയമ നടപടികളിലേക്ക് നീങ്ങുന്നതുമാണ്.

അപേക്ഷകന്റെ ഒപ്പ്

17.പാർലറിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന മാലിന്യങ്ങൾ നിയമപരമായ രീതിയിൽ മാനണ്ഡങ്ങൾക്ക് വിധേയമായി പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നിർമാർജ്ജനം ചെയ്യേണ്ടതാണ്. മാലിന്യം/മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടുള്ളതല്ല.

18.കരാറുകാരൻ മിൽമയുടെതല്ലാത്ത മറ്റു ബ്രാൻഡുകളുടെ പാലും പാലുൽപ്പന്നങ്ങളും വിൽപ്പന നടത്തുവാൻ പാടുള്ളതല്ല. പാർലറിൽ വിൽക്കുന്ന മറ്റു ഉൽപ്പന്നങ്ങളുടെ വിവരം മിൽമയെ അറിയിക്കേണ്ടതും അനുവാദം വാങ്ങേണ്ടതുമാണ്.

19.ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്/ഹെൽത്ത് കാർഡ് ഡെയറി മാനേജർ നിർദ്ദേശിച്ച സമയത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്.

20.ഫ്രാഞ്ചൈസി ആരംഭിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ഓർഡർ ലഭിച്ച് 5 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ ഡെയറി മാനേജരുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതും എറണാകുളം മേഖലയൂണിയന്റെ 90/- രൂപയുടെ നാമാമമാത്ര അംഗത്വം എടുക്കേണ്ടതുമാണ്.

21.ഫ്രാഞ്ചൈസി എടുക്കുന്ന വ്യക്തിയോ/സ്ഥാപനമോ അവരുടെ ജീവനക്കാരോ മിൽമയുമായി യാതൊരു തൊഴിലാളി തൊഴിലുടമ ബന്ധം ഉണ്ടായിരിക്കുന്നതല്ല, ജീവനക്കാരുടെ ജോലിസ്ഥലത്തെ സുരക്ഷ ,മറ്റ് നിയമപരമായ അവകാശങ്ങൾ എന്നിവയെല്ലാം ഫ്രാഞ്ചൈസി എടുക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്

22. ഫ്രാഞ്ചൈസിയുമായി ബന്ധപ്പെട്ട നിയമപരമായ വ്യവഹാരങ്ങൾ കേരള സഹകരണ നിയമം1969ന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ മിൽമയുടെ ഇടപ്പള്ളിയിലെ ഹെഡ് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥല പരിധിയിൽ വരുന്ന കോടതി/ ഉദ്യോഗസ്ഥാന്റെ കീഴിലായിരിക്കും.

മേൽപറഞ്ഞ നിബന്ധനകൾക്ക് പുറമേ മിൽമ റീഫ്രഷ് (tea point) ഔട്ട്ലെറ്റിന്റെ ഫ്രാഞ്ചൈസി നൽകുന്നതിനും/സൂപ്പർമാർക്കറ്റോടുകൂടിയ മിൽമ റീഫ്രഷ് റെസ്റ്റോറന്റിന്റെ ഫ്രാഞ്ചൈസി നൽകുന്നതിനുള്ള പ്രത്യേക മാനദണ്ഡങ്ങൾ തഴെ ചേർക്കുന്നു.

**<u>മിൽമ റീഫ്രഷ് (tea point) ഔട്ട്ലെറ്റിന്റെ ഫ്രാഞ്ചൈസി നൽകുന്നതിനുള്ള പ്രത്യേക മാനദണ്ഡങ്ങൾ</u>**

1.ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ടീ പോയന്റ് ഔട്ട്ലെറ്റിന് മിനിമം 60 സ്ക്വയർ ഫീറ്റ് ഏരിയ ഉണ്ടായിരിക്കണം.

2.പ്രസ്തുത ഔട്ട്ലെറ്റ് റോഡിന് അഭിമുഖമായും താഴത്തെ നിലയിലും ആയിരിക്കുന്നത് അഭികാമ്യമണ്.

3.പ്രസ്തുത ഔട്ട്ലെറ്റുകൾക്ക് മിൽമ ഏജൻസി നൽകുന്നതും, ടി ഔട്ട്ലെറ്റിൽ പാലും, തൈരുമടങ്ങുന്ന മിൽമയുടെ എല്ലാ ഉൽപ്പന്നങ്ങളും വിപണനം നടത്തേണ്ടതാണ്.

4.പ്രസ്തുത ഔട്ട്ലെറ്റിലേക്ക് സ്റ്റാക്ക് മിൽമയുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് മാത്രം നിർമിക്കണ്ടതോ അംഗീകൃത വെണ്ടറിൽ നിന്ന് വാങ്ങേണ്ടതും ആണ്.

അപേക്ഷകന്റെ ഒപ്പ്

**സൂപ്പർമാർക്കറ്റോടുകൂടിയ <u>മിൽമ റീഫ്രഷ് റെസ്റ്റോറന്റിന്റെ ഫ്രാഞ്ചൈസി നൽകുന്നതിനുള്ള പ്രത്യേക മാനദണ്ഡങ്ങൾ</u>**

1.പ്രസ്തുത പാർലറിൽ പാലിന്റെയും എല്ലാ മിൽമ ഉൽപ്പന്നങ്ങളുടെയും സൂപ്പർമാർക്കറ്റ് മാതൃകയിലുള്ള വിൽപ്പനയോടൊപ്പം മൂല്യവർദ്ധിത ഉൽപ്പനങ്ങളും നോർത്ത് ഇന്ത്യൻ സൗത്ത് ഇന്ത്യൻ കൺഫക്ഷണറി വിഭവങ്ങളും ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന കുറഞ്ഞത് 300 സക്വയർഫീറ്റ് വിസ്താരമുള്ള റെസ്റ്റോറന്റ് സൗകര്യം ഉണ്ടായിരിക്കണം.

2.കരാറുകാരൻ പാർലറിൽ വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കേണ്ടതാണ്

3.റെസ്റ്റോറന്റിൽ വിവിധ തരത്തിലുള്ള നോർത്ത് ഇന്ത്യൻ, സൗത്ത് ഇന്ത്യൻ വിഭവങ്ങൾ (വിവിധ തരം സനാക്ക്സ്, ഇഡലി,പുട്ട്, ചപ്പാത്തി, ഊത്തപ്പം, etc )പാനീയങ്ങളായ ( ചായ, കാപ്പി, ഷെയ്ക്ക് ,പാൽ സർബത്ത്, ബദാം മിൽക്ക് , ബൂസ്റ്റ്, ഹോർലിക്സ് etc ) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

ഫ്രാഞ്ചൈസി സംബന്ധിച്ച എല്ലാ അന്തിമ തീരുമാനങ്ങളും യൂണിയൻ മാനേജിംങ് ഡയറക്ടറുടെതായിരിക്കും യാതൊരു കാരണവും കൂടതെ അപേക്ഷകൾ നിരസിക്കുന്നതിനും ആവശ്യമെങ്കിൽ മേൽപറഞ്ഞ മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും മാനേജിംങ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

തീയതി:04.10.2023

മാനേജിംങ് ഡയറക്ടർ

അപേക്ഷകന്റെ ഒപ്പ്

milma

<u>എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ളിപ്തം ഇ 150(ഡി)</u>

പി.ബി.നം.2212, ഇടപ്പള്ളി, കൊച്ചി - 682 024.

## മിൽമ റീഫ്രഷ് ടീ പോയിന്റ് / സൂപ്പർമാർക്കറ്റോടുകൂടിയ റെസ്റ്റോറന്റിനുള്ള അപേക്ഷാഫോറം

1. പേര് :

2. ലിംഗം (ആൺ/പെൺ) :

3. ആധാർ നമ്പർ :

4. വിലാസം :

5. ഇമെയിൽ ഐഡി :

6. ഫോൺ നമ്പർ : 1.

   2.

7. നിലവിൽ മിൽമ ഏജന്റ്

   ആണെങ്കിൽ ഏജൻസി നമ്പർ :

8. അപേക്ഷിക്കുന്ന കാറ്റഗറി : മിൽമ ടീ പോയിന്റ് / സൂപ്പർമാർക്കറ്റോടുകൂടിയ റെസ്റ്റോറന്റ് (ടിക് ചെയ്യുക)

9. റീഫ്രഷ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം :1.

   2. ജില്ല......................

10. ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഷോപ്പിന്റെ വിസ്തീർണ്ണം : .........ചതുരശ്ര അടി

11. ഈ ഫീൽഡിലുള്ള പരിചയം : ..... വർഷം

അപൂർണ്ണമായതോ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതോ ആയ അപേക്ഷകൾ യാതൊരു കാരണവശലും പരിഗണിക്കുന്നതല്ല.

തീയതി

അപേക്ഷകന്റെ ഒപ്പ്